പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3176 — 14. 07. 2015 ൽ മറുപടിക്ക്

## വൈദ്യുതി മോഷണം

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം വൈദ്യുതി മോഷണം മൂലം നഷ്ടപ്പെട്ടുന്നതിനാൽ വൈദ്യുതി മോഷണം തടയുന്നതിന് കാര്യക്ഷമമായ എന്തു നടപടികളാണ്കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) വൈദ്യുതി മോഷണം തടയുന്നതിനായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. വൈദ്യുതി മോഷണം തടയുന്നതിനായി, ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തു വരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം തടയുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടീമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.<br>വൈദ്യുതി മോഷണം നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് എന്ന നൂതന ഉപകരണം വാങ്ങുകയും, എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ തുടങ്ങിയ നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എല്ലാമാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ